8. അടിസ്ഥാന മേഖലയുടെ പരിശീലന ആവശ്യകത നിർണ്ണയിച്ച് അനുസൃതമായ പരിശീലന പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക.

9. ഉന്നതവിദ്യാഭ്യാസ രംഗത്ത് 'സെന്റേർസ് ഓഫ് എക്സലൻസുകൾ' സ്ഥാപിക്കുക.

10. വൈദഗ്ദ്ധ്യ വികസനത്തിന് പ്രാദേശികമായി ആവശ്യമായ കോഴ്സുകൾ നടത്തുക.

11. റഗുലർ, വിദൂര വിദ്യാഭ്യാസ കോഴ്സുകൾക്കാവശ്യമായ പരിശീലന സഹായികൾ വികസിപ്പിക്കുക; അവ പ്രസിദ്ധീകരിക്കുക.

12. വിദൂര വിദ്യാഭ്യാസത്തിനും, ഓപ്പൺ ലേണിംഗിനും പ്രാപ്തമായ മേഖലകൾ കണ്ടെത്തി അവയ്ക്കനുസൃതമായ കോഴ്സുകൾ വിഭാവനം ചെയ്ത് നടപ്പിലാക്കുക.

13. തൊഴിൽ സാദ്ധ്യത ഏറെയുള്ള മേഖലകൾ കണ്ടെത്തി അതനുസരിച്ചുള്ള പ്രാഗൽഭ്യം വികസിപ്പിക്കാനുള്ള പദ്ധതികൾ നടപ്പിലാക്കുക.

14. സെന്ററിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ നിറവേറ്റുന്നതിനാവശ്യമായ മറ്റ് പ്രവർത്തികൾ ഏറ്റെടുക്കുക.

(ഇ) സ്ഥാപനങ്ങളുടെ പേരുകൾ അനുബന്ധമായി കൊടുത്തിട്ടുണ്ട്.†

എസ്. എസ്. എ. പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്ന പരിപാടികൾ

220 [364] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:

ശ്രീ. പിരപ്പൻകോട് മുരളി:

,, സാജു പോൾ: താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എ. പദ്ധതിയുടെ ലക്ഷ്യം നേടുന്നതിനായി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന പരിപാടികൾ എന്തെല്ലാമാണ്;

(ബി) എല്ലാ കുട്ടികളെയും 2003 വർഷത്തോടെ സ്കൂളിലെത്തിക്കുക എന്ന ലക്ഷ്യം പൂർത്തിയായിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) എസ്. എസ്. എ. ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് എന്തെങ്കിലും നിബന്ധനകൾ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം എന്നറിയിക്കാമോ;

(ഡി) 2004-05 വർഷത്തേയ്ക്ക് എസ്. എസ്. എ. പദ്ധതിക്കുള്ള അടങ്കൽ തുക എത്രയാണ്; സംസ്ഥാന വിഹിതം എത്രയാണ്;

(ഇ) എസ്. എസ്. എ. പദ്ധതിയുമായി ബന്ധപ്പെട്ട് പ്രൈമറി എഡ്യൂക്കേഷൻ ഡവലപ്പമെന്റ് സൊസൈറ്റിയുടെ ചുമതലകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അനുബന്ധം ഒന്നായി ചേർത്തിരിക്കുന്നു.†

(ബി) ഇല്ല. ഇത് സംബന്ധിച്ച് വ്യക്തമായ ഒരു പഠനവും എസ്.എസ്.എ. നടത്തിയിട്ടില്ല. പ്രോജക്ടഡ് സ്കൂൾ ഏജ് പോപ്പുലേഷന്റെ കണക്കും 2003-2004 സ്കൂൾ വർഷത്തിൽ യഥാർത്ഥത്തിൽ സ്കൂളുകളിൽ ചേർത്തിട്ടുള്ള കുട്ടികളുടെ പൊതു വിദ്യാഭ്യാസ ഡയറക്ടർ തയ്യാറാക്കിയിട്ടുള്ള കണക്കും താരതമ്യം ചെയ്തതിൽ ഇനിയും സ്കൂളുകളിൽ എത്തേണ്ട കുട്ടികളുടെ എണ്ണത്തിൽ 3000 കുട്ടികളുടെ കുറവ് കാണുന്നുണ്ട്.

(സി) ഉണ്ട്. എസ്. എസ്. എ. നോംസ് അനുസരിച്ചാണ് ഫണ്ട് വിനിയോഗിക്കുന്നത്. നോംസ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) അടങ്കൽ തുക 169.24 കോടി രൂപ. സംസ്ഥാന വിഹിതം 42 കോടി രൂപ.

(ഇ) നിലവിലുള്ള സംവിധാനങ്ങൾ ഉൾക്കൊണ്ടുകൊണ്ട് എലിമെന്ററി എഡ്യൂക്കേഷൻ മെച്ചപ്പെടുത്തുകയെന്നതാണ് സൊസൈറ്റിയുടെ ചുമതല.

സർവ്വകലാശാലകളിലെ പരീക്ഷാ കലണ്ടർ

221 [365] പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീ. വർക്കല കഹാർ:

,, ടി. എൻ. പ്രതാപൻ:

,, ജി. പ്രതാപവർമ്മ തമ്പാൻ:

ശ്രീമതി രാധാരാഘവൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് ഒരു പരീക്ഷാ കലണ്ടർ ഉണ്ടോ എന്ന് അറിയിക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly